**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1046 30.01.2019 -ൽ മറുപടിക്ക്

## തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**,, മുഹമ്മദ് മുഹസിൻ പി.** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടു വന്ന് സ്വകാര്യ മേഖലയിലെ ഒഴിവുകൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും, മോഡൽ കരിയർ സെന്റർ, എംപ്ലോയബിലിറ്റി സെന്റർ തുടങ്ങിയ പദ്ധതികളിലൂടെ നിശ്ചിത ഇടവേളകളിൽ മിനി ജോബ് ഫെയറുകൾ/ പ്ലേസ്മെന്റ് ഡ്രൈവുകളും നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംഘടിപ്പിച്ചു വരുന്നു. കൂടാതെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിന് വകുപ്പ് മുഖാന്തിരം ശരണ്യ, കെസ് റു, മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്, കൈവല്യ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിപ്രകാരം ആവശ്യമായ നൈപുണ്യ പരിശീലനങ്ങൾ നൽകി സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നു. ഇപ്രകാരം പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ജോബ് ഫെയറുകളിലൂടെ സാധിക്കുന്നു. സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യ |
| (ബി) | സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെ ഉദ്യോഗാർത്ഥികളുമായി ബന്ധപ്പെടുത്തി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | മേഖലയിലെ തൊഴിൽ അവസരങ്ങൾ നേടാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മോഡൽ കരിയർ സെന്റർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി സർക്കാർ - സ്വകാര്യ മേഖലകളിൽ നിലവിലുള്ള തൊഴിലുകൾക്ക് അവരെ പ്രാപ്തരാക്കി വരുന്നുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തിരം, എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>(1) <u>കെസ് റു (കേരള സ്റ്റേറ്റ് സെല്ഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)</u><br><br>എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.<br><br>(2) <u>മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ ജോബ് ക്ലബ്</u><br><br>എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മദ്ധ്യേ (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് |

| | | | |
|---|---|---|---|
| | | | 3 വർഷവും, പട്ടികജാതി/ പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.<br><br>(3) ശരണ്യ<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ (വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡി) അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.<br><br>4) കൈവല്യ<br><br>ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസപദ്ധതിയുടെ ഘടക പദ്ധതിയായ സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശരഹിത വായ്പ |

| | | | |
|---|---|---|---|
| | | | നൽകുന്നു. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക് സ് ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ള കുടുംബവാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. പ്രോജക്റ്റിന് ആവശ്യമെങ്കിൽ, 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പാതുകയുടെ 50 ശതമാനം, പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. |
| (ഡി) | വിധവകൾക്കും അശരണരായ വനിത-കൾക്കും സ്വയംതൊഴിൽ കണ്ടെത്തു-ന്നതിന് സഹായിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (ഡി) | വിധവകൾക്കും അശരണരായ വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ് മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം "ശരണ്യ" എന്നപേരിൽ ഒരു സ്വയംതൊഴിൽ വായ്പ പദ്ധതി നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ (സി) പിരിവിനുള്ള മറുപടി (3) -ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ